**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3197 | 11.12.2014-ൽ മറുപടിയ്ക്ക്

## കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ള ശബരിമല അനുബന്ധപ്പാതകൾ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ള 17 ശബരിമല അനുബന്ധപ്പാതകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് മണ്ഡലകാലത്തിനുമുമ്പ് ഈ റോഡുകളുടെയെല്ലാം അറ്റകുറ്റപ്പണികൾ വർഷംതോറും നടത്താറുണ്ടോ;ഓരോ വർഷവും എത്ര തുക ശരാശരി ഇങ്ങനെ ചെലവഴിക്കുന്നു; | (എ) ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ള 17 ശബരിമല പാതകളുടെ ലിസ്റ്റ് അനുബന്ധം - I ആയി ചേർക്കുന്നു. ഈ റോഡുകളിൽ ഓരോ മണ്ഡലകാലത്തിന് മുൻപും അറ്റകുറ്റപണികൾ നടത്താറുണ്ട്. ഇതിനായി ശരാശരി പ്രതിവർഷം 10 കോടി രൂപ ചെലവ് വരുന്നു. |
| (ബി) ഈ മണ്ഡലകാലത്തിനുമുമ്പ് ഏതൊക്കെ അനുബന്ധപ്പാതകൾക്കാണ് ഫണ്ട് അനുവദിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ; ഓരോ പദ്ധതിക്കും അനുവദിച്ച ഫണ്ട് എത്രയെന്നും എന്തൊക്കെ പണികൾക്കാണ് ഫണ്ടനുവദിച്ചതെന്നും വ്യക്തമാക്കാമോ; | (ബി) ഈ മണ്ഡലകാലത്തിനു മുന്നോടിയായി ഏറ്റെടുത്ത പ്രവർത്തികളുടെ ലിസ്റ്റും അതിന്റെ തുകയും അനുബന്ധം-II ആയി ചേർക്കുന്നു. |
| (സി) ഓരോ വർഷവും അറ്റകുറ്റപ്പണി നടത്തുന്നതിനു പകരം, ഈ റോഡുകൾ ദീർഘകാലാടിസ്ഥാനത്തിൽ സംരക്ഷിക്കപ്പെടുന്നതിനായി തയ്യാറാക്കിയ പദ്ധതി പ്രകാരം എത്ര റോഡുകൾ BMBC നിലവാരത്തിൽ ടാറിംഗ് നടത്തിയിട്ടുണ്ട്; അവ ഏതൊക്കെ; എത്ര തുക ഇതിന് ചലവഴിച്ച്; | (സി) ഓരോ വർഷവും അറ്റകുറ്റപ്പണി നടത്തുന്നതിനു പകരം ഏറ്റെടുത്തു പൂർത്തീകരിച്ച ബി.എം. & ബി.സി പ്രവർത്തികളുടെ ലിസ്റ്റ് അനുബന്ധം - III ആയി ചേർക്കുന്നു. ഇതു പ്രകാരം 124.60 കി.മീ. നീളം വരുന്ന റോഡ് 103.15 കോടി രൂപ ചെലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) മറ്റ് അനുബന്ധ റോഡകളും BMBC നിലവാരത്തിൽ ടാറിംഗ് നടത്തുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഡി) മറ്റ് അനുബന്ധ റോഡുകളിലായി 115 കി.മീ. നീളത്തിൽ 76.55 കോടി രൂപയുടെ പ്രവർത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിന്റെ ലിസ്റ്റ് അനുബന്ധം - IV ആയി ചേർക്കുന്നു. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ